# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 26**

**June 26**

**2019**

*1193 മിഥുനം 11 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത വേണം – ജില്ലാ മെഡിക്കൽ ഓഫീസർ**

ജില്ലയിൽ മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ്-എ) കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഇതിനെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. ജലത്തിലൂടെയും ആഹാരത്തിലൂടെയും പകരുന്ന മഞ്ഞപ്പിത്തമാണ് ഇപ്പോൾ കണ്ടുവരുന്നത്. രോഗബാധിതന്റെ മലം, ഛർദിൽ എന്നിവയിലൂടെ രോഗാണു പുറത്തുവരും. ഇവ കലർന്ന വെള്ളം, ആഹാരം എന്നിവ ഉപയോഗിക്കുമ്പോൾ രോഗകാരണമായ വൈറസ് ശരീരത്തിൽ പ്രവേശിക്കും. ഈച്ചയും മറ്റ് പ്രാണികളും രോഗം പരത്തുന്നതിന് കാരണമാകാറുണ്ട്. കരളിനെയാണ് പ്രധാനമായും രോഗം ബാധിക്കുന്നത്.

പനി, തലവേദന, ക്ഷീണം, ഓക്കാനം, കണ്ണിന് മഞ്ഞനിറം എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. യഥാസമയം രോഗം തിരിച്ചറിഞ്ഞ് ചികിത്സിച്ചില്ലെങ്കിൽ മരണകാരണമാകാം.

**പ്രതിരോധ മാർഗങ്ങൾ**

ചുരുങ്ങിയത് അഞ്ച് മിനിട്ടെങ്കിലും തിളപ്പിച്ചാറിച്ച വെള്ളം മാത്രം കുടിക്കണം. കുടിവെള്ള ഉറവിടങ്ങൾ കൃത്യമായ ഇടവേളകളിൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കണം. മലവിസർജനത്തിന് ശേഷവും ആഹാരത്തിന് മുമ്പും കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകണം. മലമൂത്രവിസർജനം കക്കൂസിൽ മാത്രം നടത്തണം. ചെറിയ കുട്ടികളും രോഗബാധിതരും ഉപയോഗിക്കുന്ന നാപ്കിനുകൾ ശരിയായ വിധം സംസ്കരിക്കണം. ആഹാരസാധനങ്ങൾ ഈച്ചയും മറ്റ് പ്രാണികളും കടക്കാത്തവിധം അടച്ച് സൂക്ഷിക്കണം.

ആഹാരം വിളമ്പുന്ന പാത്രങ്ങളും ഉപകരണങ്ങളും ശുദ്ധജലത്തിൽ കഴുകി ഉപയോഗിക്കണം. മഞ്ഞപ്പിത്ത ലക്ഷണം കണ്ടാൽ ഉടൻ ശരിയായ വൈദ്യസഹായം തേടുകയും മതിയായി വിശ്രമിക്കുകയും ചെയ്യണം.

കുടിവെള്ള ഉറവിടങ്ങൾ അണുവിമുക്തമാക്കുന്നതിനുള്ള ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ലായനി എന്നിവയും സംഭരിച്ചുവച്ചിരിക്കുന്ന വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ക്ലോറിൻ ഗുളികകളും എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭിക്കും. മഞ്ഞപ്പിത്തബാധ തിരിച്ചറിയുന്നതിനുള്ള ലബോറട്ടറി പരിശോധാ സൗകര്യം കോഴഞ്ചേരി ജില്ലാ ആശുപത്രി, അടൂർ, പത്തനംതിട്ട ജനറൽ ആശുപത്രികൾ, തിരുവല്ല, റാന്നി, മല്ലപ്പള്ളി, കോന്നി താലൂക്ക് ആശുപത്രികൾ, കോഴഞ്ചേരി റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നിവിടങ്ങളിൽ ലഭ്യമാണ്. (പിഎൻപി 1531/19)

## സ്മാർട്ട് അഗ്രിവില്ലേജ്: കോ – ഓർഡിനേറ്റർ ഒഴിവ്

കുടുംബശ്രീയുടെ മഹിള കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന മാതൃകാ കാർഷിക ഗ്രാമം പദ്ധതിയിലേക്ക് ഒരു കോ–ഓർഡിനേറ്ററെ ആവശ്യമുണ്ട്. പന്തളം തെക്കേക്കര, വള്ളിക്കോട് ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പാറക്കര നീർത്തടത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. വിഎച്ച്എസ്ഇ അഗ്രികൾച്ചറും ഫിനിഷിംഗ് സ്കൂൾ/ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ഓർഗാനിക് ഫാമിംഗ് അല്ലെങ്കിൽ കാർഷിക മേഖലയിലെ പദ്ധതികളിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയമുള്ള വ്യക്തികൾക്ക് അപേക്ഷിക്കാം.ടൂ വീലർ ഓടിക്കാൻ അറിഞ്ഞിരിക്കണം. പ്രതിമാസം 8000 രൂപ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. കൂടുതൽ വിവരം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2221807.

(പിഎൻപി 1532/19)

## വൺ സ്റ്റോപ്പ് സെന്ററിൽ വനിതകൾക്ക് അവസരം

വനിതാ ശിശുവികസന വകുപ്പ് പുതുതായി പ്രവർത്തനം ആരംഭിക്കുന്ന വൺ സ്റ്റോപ്പ് സെന്ററിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് വനിതകൾക്ക് അപേക്ഷിക്കാം.

സെന്റർ അഡ്മിനിസ്ട്രേറ്റർ (റസിഡൻഷ്യൽ) തസ്തികയിലേക്ക് (ഒരു ഒഴിവ്) സൈക്കോളജി, സോഷ്യോളജി അല്ലെങ്കിൽ സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം/ നിയമ ബിരുദം, സർക്കാർ/അർധ സർക്കാർ/അംഗീകൃത സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിച്ചുള്ള അഞ്ച് വർഷത്തെ പരിചയം എന്നിവ ഉണ്ടായിരിക്കണം. പ്രായം 25നും 45നും മധ്യേ. 22000 രൂപ ഓണറേറിയം ലഭിക്കും.

കേസ് വർക്കർ തസ്തികയിലേക്ക് (രണ്ട് ഒഴിവ്) സൈക്കോളജി, സോഷ്യോളജി അല്ലെങ്കിൽ സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം/ നിയമ ബിരുദം, സർക്കാർ/അർധ സർക്കാർ/അംഗീകൃത സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിച്ചുള്ള മൂന്ന് വർഷത്തെ പരിചയം എന്നിവ ഉണ്ടായിരിക്കണം. പ്രായം 25നും 45നും മധ്യേ.15000 രൂപ ഓണറേറിയം ലഭിക്കും.

സൈക്കോസോഷ്യൽ കൗൺസിലർ തസ്തികയിലേക്ക് (ഒരു ഒഴിവ്) സൈക്കോളജി, സോഷ്യോളജി അല്ലെങ്കിൽ സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം, സർക്കാർ/അർധ സർക്കാർ/അംഗീകൃത സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിച്ചുള്ള മൂന്ന് വർഷത്തെ പരിചയം എന്നിവ ഉണ്ടായിരിക്കണം. പ്രായം 25നും 45നും മധ്യേ. 15000 രൂപ ഓണറേറിയം ലഭിക്കും.

ഐ.ടി സ്റ്റാഫുകളുടെ രണ്ട് ഒഴിവിലേക്ക് ഐ.ടി അല്ലെങ്കിൽ കംപ്യൂട്ടർ സയൻസിൽ ഡിപ്ലോമ/ബിരുദവും ഡാറ്റാ മാനേജ്മെന്റ്, ഡെസ്ക്ടോപ്പ് പ്രോസസിംഗ്, വെബ് ഡിസൈനിംഗ്, വീഡിയോ കോൺഫറൻസിംഗ് എന്നീ മേഖലകളിൽ അംഗീകൃത സ്ഥാപനങ്ങളിൽ മൂന്ന് വർഷം പ്രവർത്തിച്ചുള്ള പരിചയവും ഉണ്ടായിരിക്കണം. പ്രായം 23നും 45നും മധ്യേ. 12000 രൂപ ഓണറേറിയം ലഭിക്കും.

സെക്യൂരിറ്റി തസ്തികയിലെ ഒരു ഒഴിവിലേക്ക് എഴുത്തും വായനയും അറിഞ്ഞിരിക്കണം. രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയമാണ്. പ്രായം 35നും 50നും മധ്യേ. 8000 രൂപ ഓണറേറിയം ലഭിക്കും.

മൾട്ടിപർപ്പസ് ഹെൽപ്പർ തസ്തികയിലെ രണ്ട് ഒഴിവിലേക്ക് എഴുത്തും വായനയും അറിഞ്ഞിരിക്കണം. ഹോസ്റ്റൽ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ കുക്ക്, ക്ലീനിംഗ് സ്റ്റാഫ്, ആശുപത്രി അറ്റൻഡർ എന്നിവയിലുള്ള മൂന്ന് വർഷത്തെ പരിചയം ഉണ്ടായിരിക്കണം. പ്രായം 25നും 45നും മധ്യേ. 8000 രൂപ ഓണറേറിയം ലഭിക്കും.

അപേക്ഷാഫോറത്തിനും കൂടുതൽ വിവരത്തിനും പത്തനംതിട്ട ഡോക്ടേഴ്സ് ലെയ്നിൽ കാപ്പിൽ ആർക്കേഡിൽ പ്രവർത്തിക്കുന്ന വനിതാ പ്രൊട്ടക്ഷൻ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 8281999053. (പിഎൻപി 1533/19)

## ശിശുക്ഷേമ സമിതിയോഗം നാളെ (28)

ജില്ലാ ശിശുക്ഷേമ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം നാളെ (28) രാവിലെ 10.30ന് എഡിസി(ജനറൽ) ഓഫീസിൽ ചേരും. (പിഎൻപി 1534/19)

## കൊടുമൺ റൈസിന്റെ രണ്ടാം സംസ്കരണ വിപണന ഉദ്ഘാടനം നാളെ (28)

കൊടുമൺ റൈസിന്റെ രണ്ടാം സംസ്കരണ വിപണന ഉദ്ഘാടനം നാളെ രാവിലെ 10ന് കൊടുമൺ ഇക്കോഷോപ്പ് അങ്കണത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് നിർവഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞ് അധ്യക്ഷത വഹിക്കും. വിവിധ തദ്ദേശഭരണ ഭാരവാഹികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

കൊടുമൺ ഗ്രാമപഞ്ചായത്തിൽ ത്രിതല പഞ്ചായത്തുകളുടെയും കൃഷി വകുപ്പിന്റെയും പാടശേഖര സമിതികളുടെയും ശ്രമഫലമായി 228 കർഷകരെ ഉൾപ്പെടുത്തി 256 ഏക്കറിൽ നെൽകൃഷി ചെയ്യുകയും 400 മെട്രിക് ടൺ നെല്ല് ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നു. ഇതിൽ ഉത്തമകൃഷി മുറകൾ പ്രകാരം കൃഷി ചെയ്ത 100 മെട്രിക് ടൺ നെല്ല് ജില്ലാ സഹകരണ ബാങ്കിന്റെയും ത്രിതല പഞ്ചായത്തിന്റെയും സാമ്പത്തിക സഹായത്തോടെ സംഭരിക്കുകയും ഓയിൽപാം ഇൻഡ്യയുടെ മോഡേൺ റൈസ് മില്ലിൽ സംസ്കരിച്ച് കൊടുമൺ റൈസ് എന്ന ബ്രാന്റ് നെയിമിൽ വിപണനം നടത്തുന്നുണ്ട്. ഗുണഭോക്താക്കളുടെ നിർദേശ പ്രകാരം ഗുണനിലവാരം മെച്ചപ്പെടുത്തിയ കലർപ്പില്ലാത്ത, മായമില്ലാത്ത 12 മെട്രിക് അരിയുടെ രണ്ടാമത്തെ സംസ്കരണം കഴിഞ്ഞാണ് വിപണനത്തിന്ന് തയാറാക്കിയിരിക്കുന്നത്.

(പിഎൻപി 1535/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജൂൺ 26**<br>**June 26** | **2019** |

***1193 മിഥുനം 11 ബുധൻ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പൂഞ്ഞാർ മോഡൽ പോളിടെക്നിക് കോളേജിൽ സ്പോട്ട് അഡ്മിഷൻ**

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂഞ്ഞാർ മോഡൽ പോളിടെക് നിക് കോളേജിൽ 2019-2020 അധ്യയനവർഷത്തിൽ ഒന്നാം വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സിൽ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ ഹാർഡ്വെയർ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 29ന് സ്പോട്ട് അഡ്മിഷൻ നടത്തും. എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗക്കാർക്ക് ഫീസ് ആനുകൂല്യം ഉണ്ടായിരിക്കും. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാതിരുന്നവർക്ക് അന്നേ ദിവസം നേരിട്ട് ഹാജരായി പ്രവേശനം നേടാം. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി രക്ഷകർത്താവിനോടൊപ്പം രാവിലെ 10ന് കോളേജ് ഓഫീസിൽ ഹാജരാകണം. ഫോൺ: 04822 272266 , 9495443206 , 6282995440. (പിഎൻപി 1536/19)

**സ്വയം തൊഴിൽ പരിശീലനം നൽകുന്നതിന് ഏജൻസികൾക്ക് അപേക്ഷിക്കാം**

സംസ്ഥാനത്ത് പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗങ്ങൾ നഷ്ടപ്പെട്ട കുടുംബ ങ്ങൾക്ക് വരുമാന മാർഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ വ്യത്യസ്ത മേഖലകളിൽ (പ്ലംബിംഗ്, ഇലക്ട്രോണിക് റിപ്പയർ, ഇലക്ട്രിക്കൽ വർക്ക്, ഡാറ്റാ എൻട്രി, കൃഷി അനുബന്ധ ജോലികൾ, ഹൗസ് കീപ്പിംഗ് , ലോൺഡ്രിംഗ് ആൻഡ് അയണിംഗ്, വീട്ടുജോലി, ഡേകെയർ, സെയിൽസ്) സൗജന്യ സ്വയം തൊഴിൽ പരിശീലനം/

വൈഗ്ധ്യ പരിശീലനം നൽകുന്നതിന് ഏജൻസികൾക്ക് അപേക്ഷിക്കാം. നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമുണ്ടെങ്കിൽ അപേക്ഷ നൽകാം. താല്പര്യമുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, ഏജൻസികൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവർ നിശ്ചിത അപേക്ഷ ഫോമിൽ ജൂലൈ നാലിന് മുൻപായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരം കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2221807. (പിഎൻപി 1537/19)

## തെളിവെടുപ്പ് യോഗം

മീഡിയാസെക്ടർ, മാർബിൾ ആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായുള്ള ഉപസമിതിയുടെ തെളിവെടുപ്പ് യോഗം ജൂലൈ ആറിന് രാവിലെ 10.30നും 11.30നും കൊല്ലം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടത്തും. ജില്ലയിൽ നിന്നുള്ള ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലുടമ-തൊഴിലാളി പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. (പിഎൻപി 1538/19)

## വിദേശ കുടിയേറ്റത്തിനുമുമ്പുള്ള പരിശീലന പരിപാടി മൂന്നാറിൽ 29 ന്

കേന്ദ്ര വിദേശകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം, വിദേശതൊഴിൽ അന്വേഷകരെയും പുതുതായി കുടിയേറ്റത്തിന് തയാറാടെക്കുന്നവരെയും ബോധവൽക്കരിക്കുന്നതിന് വേണ്ടി ഈ സാമ്പത്തിക വർഷം നോർക്ക റൂട്ട്സ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടി സംഘടിപ്പിക്കുന്നു. വിദേശ ഗാർഹികമേഖലയിൽ തൊഴിലെടുക്കാൻ തയാറെടുക്കുന്നവർക്ക് വേണ്ടി സംഘടിപ്പിക്കുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷന്റെ ആദ്യപരിപാടി 29 ന് മൂന്നാർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ രാവിലെ ഒമ്പത് മുതൽ വൈകുന്നേരം മൂന്ന് വരെ നടത്തുമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നതിന് താത്പര്യമുള്ള 30നും 50നും മധ്യേ പ്രായമുള്ള വനിതകൾക്ക് പങ്കെടുക്കാം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കുവൈറ്റിലെ ഗാർഹിക മേഖലയിലേക്ക് സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും. താൽപര്യമുള്ളവർ പാസ് പോർട്ടിന്റെ പകർപ്പ്, ഫുൾസൈസ് ഫോട്ടോ, ബയോഡാറ്റ എന്നിവ സഹിതം എത്തണം. വിദേശ തൊഴിൽ അവസരങ്ങൾ, പൊതുനിയമ വ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിത രീതികൾ തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിംഗ്, ഇമിഗ്രേഷൻ നടപടികൾ, കസ്റ്റംസ് ക്ലിയറൻസ്, സാമ്പത്തിക സാക്ഷരത എന്നിവയെക്കുറിച്ച് വിദഗ്ധർ ക്ളാസുകൾ കൈകാര്യം ചെയ്യും. കൂടുതൽ വിവരങ്ങൾ നോർക്ക റൂട്ട്സിന്റെ ടോൾഫ്രീ (1800 425 3939) നമ്പരിൽ ലഭിക്കും. (പിഎൻപി 1539/19)

## പഠന നിലവാരമുയർത്താൻ വിവിധ പരിപാടികളുമായി ഡയറ്റ്

ജില്ലയിലെ സ്കൂളുകളിൽ വിദ്യാർഥികൾ നേരിടുന്ന പഠനപിന്നാക്കാവസ്ഥ നേരിടുന്നതിന് വൈവിധ്യമാർന്ന കർമപരിപാടികളുമായി ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്). തിരുവല്ല ഡയറ്റ് ഹാളിൽ നടന്ന ഡയറ്റിന്റെ കാര്യോപദേശക സമിതിയോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമായത്.

ജൈവവൈവിധ്യ ഉദ്യാനത്തെ പാഠഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന പൂഞ്ചോല പദ്ധതി, അൺ എക്കണോമിക്കായ എൽ.പി വിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്ന കൂട്ട് പ്രവർത്തനം, ഡയറ്റ് ഒരു റഫറൻസ് കേന്ദ്രം എന്ന നിലയിൽ സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, ഐ.സി.റ്റി എന്നീ ലാബുകളും ലൈബ്രറികളും ശക്തിപ്പെടുത്തുന്ന അന്വേഷണം പദ്ധതി, ഗണിതാധ്യാപകരും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഗണിത ക്ലിനിക്ക്

പദ്ധതി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വർക് ഷോപ്പുകൾ, റേഡിയോ നാടകം, ഷോർട്ട് ഫിലിം നിർമാണ ശില്പശാലകൾ, പരീക്ഷണാധിഷ്ഠിത ശാസ്ത്ര പഠന ക്ലാസുകൾ, എം-ഗുരു-ഇംഗ്ലീഷ് പരിശീലനം തുടങ്ങിയ പദ്ധതികളാണ് തയാറാക്കിയിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി യോഗം ഉദ്ഘാടനം ചെയ്തു. ഡയറ്റ് പ്രിൻസിപ്പാൾ പി.ലാലിക്കുട്ടി, എസ്എസ്കെ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹൻ, ഡോ.ജേക്കബ്, രാജേഷ് വള്ളിക്കോട്, ഡോ.വി.വി.മാത്യു, എസ്.ജിതേഷ്, പി.ആർ രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 1540/19)

## കേറ്ററിംഗ് പരിശീലനം

പത്തനംതിട്ട എസ്.ബി.ഐ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ കാറ്ററിംഗ് പരിശീലന കോഴ്സിന് അപേക്ഷിക്കാം. പരിശീലന കാലാവധി 10 ദിവസമാണ്. താത്പര്യമുള്ളവർ 0468 2270244, 2270243 എന്നീ നമ്പരുകളിൽ ഉടൻ രജിസ്റ്റർ ചെയ്യണം. (പിഎൻപി 1541/19)

## സഹായ ഉപകരണ വിതരണം

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം), മോഡൽ കൈവല്യ സെന്റർ കായംകുളം, നാഷണൽ കരിയർ ഡവലപ്മെന്റ് സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്, അലിംകോ തുടങ്ങിയ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്ക് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അസസ്മെന്റ് ക്യാമ്പ് നടത്തും. കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 22നാണ് ക്യാമ്പ് നടത്തുന്നത്. ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർഥികൾ ജൂലൈ 10നകം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി അപേക്ഷ നൽകണം. (പിഎൻപി 1542/19)

## പ്രവാസി പരാതിപരിഹാര കമ്മിറ്റി

ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റിയുടെ അഞ്ചാമത് യോഗം കളക്ടറേറ്റിൽ എഡിഎം ക്ലമന്റ് ലോപ്പസിന്റെ അധ്യക്ഷതയിൽ ചേർന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ്.സൈമ, സി.എം.അജിത് കുമാർ, എ.ബി.അനീഷ്, പീറ്റർ മാത്യു വല്യത്ത്, സുധ രഞ്ജൻ തുടങ്ങിയവർ പങ്കെടുത്തു. കമ്മിറ്റിയിൽ ലഭിച്ച പരാതികൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി. (പിഎൻപി 1543/19)

## ഫോട്ടോ അടിക്കുറിപ്പ്

1) തിരുവല്ല ഡയറ്റ് ഹാളിൽ നടന്ന ഡയറ്റിന്റെ കാര്യോപദേശക സമിതിയോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂൺ 26** <br> **June 26** | **2019** |

***1193 മിഥുനം 11 ബുധൻ***

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പ്ലാസ്റ്റിക് നിരോധനം**

ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ കടകളിൽ സമ്പൂർണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള കേരള ഹൈക്കോടതി ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ പി.ബി.നൂഹ് നിർദേശം നൽകി. ഇക്കാര്യം ഉറപ്പാക്കുന്നതിന് കർശന പരിശോധന നടത്തണമെന്നും വിധി ലംഘിക്കുന്ന കടകൾ പൂട്ടുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കളക്ടറുടെ ഉത്തരവിൽ പറയുന്നു.

(പിഎൻപി 1543/19)

**യോഗ പ്രോഗ്രാമിന് അപേക്ഷിക്കാം**

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്ആർസി കമ്യൂണിറ്റി കോളജ് 2019 ജൂലൈ സെഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. യോഗ ദർശനത്തിലും യോഗാസന പ്രാണായാമ പദ്ധതികളിലും സാമാന്യ ജ്ഞാനം ലഭിക്കുന്ന തരത്തിലാണ് പരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്. അപേക്ഷാഫോറവും കൂടുതൽ വിവരവും തിരുവനന്തപുരം നന്ദാവനം പോലീസ് ക്യാമ്പിന് സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിലും www.src.kerala.gov.in, www.srccc.in എന്നീ വെബ്സൈറ്റുകളിലും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. ഫോൺ: 9447432066. (പിഎൻപി 1544/19)

## ചിത്രരചനാ മത്സരം

അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെയും ചൈൽഡ് ലൈനിന്റെയും നേതൃത്വത്തിൽ ഹൈസ്കൂൾ കുട്ടികൾക്കായി 29ന് ഉച്ചയ്ക്ക് രണ്ടിന് പത്തനംതിട്ട തൈക്കാവ് ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ ചിത്രരചനാ മത്സരം നടത്തും. പങ്കെടുക്കുന്നവർ 28ന് വൈകിട്ട് അഞ്ചിന് മുമ്പ് 9562800869 എന്ന നമ്പരിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കായിരിക്കും പങ്കെടുക്കുവാൻ അവസരം ലഭിക്കുക. മത്സരാർഥികൾ പ്രഥമ അധ്യാപകരുടെ സാക്ഷ്യപത്രം ഹാജരാക്കണം. (പിഎൻപി 1545/19)

## അനർഹമായ മുൻഗണനാ കാർഡുകൾ പിടിച്ചെടുത്തു; 25433 രൂപ പിഴ ഈടാക്കി

അടൂർ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ അനർഹമായി കൈവശം വച്ചിരുന്ന 10 മുൻഗണനാ കാർഡുകൾ പിടിച്ചെടുത്തു. ഇവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോളവിലയായി 25433 രൂപ ഈടാക്കി. പരിശോധന തുടരുമെന്നും അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ കാർഡുകൾ ഈ മാസം 30നകം താലൂക്ക് സപ്ലൈ ഓഫീസിൽ ഹാജരാക്കണമെന്നും അല്ലാത്തപക്ഷം കർശന നടപടി സ്വീകരിക്കുമെന്നും താലൂക്ക് സപ്ലൈ ഓഫീസർ എം.അനിൽ അറിയിച്ചു. റേഷനിംഗ് ഇൻസ്പെക്ടർമാരായ ഹരീഷ് കെ.പിള്ള, ബെറ്റ്സി പി.വർഗീസ്, എം.ഹസീന, പി.സ്മിത തുടങ്ങിയവർ പരിശോധനയിൽ പങ്കെടുത്തു. (പിഎൻപി 1546/19)

## രാഘവനും കുടുംബത്തിനും കൈത്താങ്ങായി കെയർഹോം പദ്ധതി

സംസ്ഥാന സർക്കാരിന്റെ സഹകരണ വകുപ്പ് നടപ്പാക്കുന്ന കെയർഹോം പദ്ധതിയിലൂടെ തലചായ്ക്കാൻ പുതിയ വീട് ലഭിച്ച സന്തോഷത്തിലാണ് പന്തളം നഗരസഭ 23-ാം വാർഡിലെ പാലേക്കണ്ടത്തിൽ വീട്ടിലെ രാഘവനും കുടുംബവും. പ്രളയത്തിൽ സ്വന്തം കിടപ്പാടം നഷ്ടമായപ്പോൾ രാഘവനും കുടുംബത്തിനും കെയർഹോം പദ്ധതി കൈത്താങ്ങായി മാറുകയായിരുന്നു.

പുതിയൊരു വീട് എന്നത് തന്നെ സംബന്ധിച്ച് ഏറെ പ്രയാസകരമായിരുന്നുവെന്ന് രാഘവൻ പറഞ്ഞു. ഇക്കാര്യം ഓർത്ത് ഏറെ പ്രയാസപ്പെട്ടിരുന്ന സമയത്താണ് സഹകരണ വകുപ്പിന്റെ സഹായം ലഭിച്ചതെന്ന് രാഘവൻ പറഞ്ഞു. 25 വർഷം പഴക്കമുള്ള വീടാണ് പ്രളയത്തിൽ നശിച്ചത്. കൂലിപ്പണി ചെയ്താണ് കുടുബം പോറ്റുന്നതെന്നും രാഘവൻ പറഞ്ഞു.

വിചാരിച്ചതിലും നേരത്തെ പണി പൂർത്തിയാക്കി പുതിയ വീട്ടിൽ താമസം തുടങ്ങാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് രാഘവനും കുടുംബവും. ജനുവരിയിൽ ആരംഭിച്ച വീടുപണി മാർച്ചോടെ പൂർത്തിയാക്കി. സഹകരണ വകുപ്പ് നൽകിയ അഞ്ച് ലക്ഷം രൂപയോടൊപ്പം, മിച്ചം പിടിച്ചു സ്വരുക്കൂട്ടിയതും ഉപയോഗിച്ചാണ് പുതിയ വീട് നിർമിച്ചത്. 600 ചതുരശ്ര അടി വിസ്തീർണമുള്ള വീട്ടിൽ അടുക്കളയും, രണ്ട് മുറികളും, ഹാളും, ശുചിമുറിയും അടങ്ങുന്ന സൗകര്യങ്ങൾ ഉണ്ട്. ഭാര്യ ഓമനയും, മകനും, മകളും, പേരക്കുട്ടികളും അടങ്ങുന്ന രാഘവന്റെ കുടുംബം സർക്കാരിന്റെ കനിവിൽ പൂർണ തൃപ്തരാണ്. (പിഎൻപി 1547/19)

## മയക്കുമരുന്ന് വിരുദ്ധ ദിനാചരണം നടത്തി

എക്സൈസ് വകുപ്പ് വിമുക്തി ലഹരി വര്‍ജനമിഷന്റെ ഭാഗമായി അന്താരാഷ്ട്ര മയക്ക് മരുന്ന് വിരുദ്ധ ദിനാചരണം നടത്തി. ദിനാചരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പ് ബൈക്ക് റാലിയും, ജില്ലയുടെ വിവിധ ഭാഗങ്ങളില്‍ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികളും, പത്തനംതിട്ട കാത്തോലിക്കേറ്റ് കോളജില്‍ മയക്കു മരുന്ന് വിരുദ്ധ സെമിനാറും നടത്തി. പത്തനംതിട്ട മുന്‍സിപ്പല്‍ ബസ് സ്റ്റാന്റ് പരിസരത്ത് നിന്നും ആരംഭിച്ച ബൈക്ക് റാലി പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണര്‍ ജി. മുരളീധരന്‍ നായര്‍ ഫ്ളാഗ് ഓഫ് ചെയ്തു. പത്തനംതിട്ട കാത്തോലിക് കോളജില്‍ സംഘടിപ്പിച്ച മയക്കുമരുന്ന് വിരുദ്ധ സെമിനാര്‍ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും വിമുക്തി ലഹരി വര്‍ജ്ജന മിഷന്‍ ജില്ലാ ചെയര്‍പേഴ്സണുമായ അന്നപൂര്‍ണാദേവി ഉത്ഘാടനം ചെയ്തു. യോഗത്തില്‍ പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണര്‍ ജി. മുരളീധരന്‍ നായര്‍ അധ്യക്ഷത വഹിച്ചു. ജില്ലാ പോലീസ് മേധാവി ജി ജയദേവ് മുഖ്യ പ്രഭാഷണം നടത്തി. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണര്‍ അന്‍സാരി ബീഗു സ്വാഗതം ആശംസിച്ചു. വിമുക്തി ലഹരിവര്‍ജനമിഷന്‍ സംഘടിച്ച ജില്ലാതല പ്രസംഗ മത്സരത്തില്‍ വിജയികളായവര്‍ക്ക് സമ്മാനം നല്‍കി. പന്തളം എന്‍.എസ്.എസ് മെഡിക്കല്‍ മിഷന്‍ ക്ലിനിക്കല്‍ സൈക്കോളജിസ്റ്റ് ഡോ.എ.ജി അനില്‍കുമാര്‍ സെമിനാര്‍ നയിച്ചു. 200 ഓളം വിദ്യാര്‍ഥികള്‍ സെമിനാറില്‍ പങ്കെടുത്തു.

(പിഎന്‍പി 1548/19)

## ലഹരിവിരുദ്ധ ദിനം ആചരിച്ചു

ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും ചൈല്‍ഡ് വെല്‍ഫയര്‍ കമ്മിറ്റിയുടെയും കോഴഞ്ചേരി ഗവ.ഹൈസ്കൂളിന്റെയും ആഭിമുഖ്യത്തില്‍ അന്തര്‍ദേശീയ ലഹരി വിരുദ്ധ ദിനം ആചരിച്ചു. ഇതോടനുബന്ധിച്ച് സ്കൂള്‍ കുട്ടികള്‍ അവതരിപ്പിച്ച ബോധവത്ക്കരണ പാവനാടകം കുട്ടികള്‍ക്കും മുതിര്‍ന്നവര്‍ക്കും ഒരുപോലെ തിരിച്ചറിവുകളുടെ പുതിയമാനം നല്‍കി. കുപ്പിക്കുള്ളിലും പുകയ്ക്കുള്ളിലും മിഠായിക്കുള്ളിലും ലഹരിമരുന്നിലും കുരുങ്ങാതെ ജീവിതം കരുതിവയ്ക്കാം. സദ്ചിന്തയിലൂടെ ജീവിതം വളരട്ടെ എന്നീ സന്ദേശമാണ് പാവനാടകത്തിലൂടെ അവതരിപ്പിച്ചത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോര്‍ജ് മാമ്മന്‍ കൊണ്ടൂര്‍ ലഹരിവിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസര്‍ വത്സല അദ്ധ്യക്ഷത വഹിച്ച ചടങ്ങില്‍ ചൈല്‍ഡ് വെല്‍ഫയര്‍ കമ്മിറ്റി ചെയര്‍മാന്‍ അഡ്വ. റ്റി.സക്കീര്‍ ഹുസൈന്‍ മുഖ്യാതിഥിയായിരുന്നു. ഉപന്യാസരചനാ മത്സരത്തില്‍ ഒന്നാം സമ്മാനം നേടിയ വൈഷ്ണവി വിനോദ്, രണ്ടാം സമ്മാനം സാലിമാ ഷാജി, മൂന്നാം സമ്മാനം നേടിയ കെ.എസ്.സാന്ദ്ര, സഹദിയാ ഇസ്മയില്‍ എന്നിവര്‍ക്ക് സമ്മാനങ്ങള്‍ വിതരണം ചെയ്തു. ജില്ലാ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസര്‍ എസ്.ചിത്രലേഖ, എക്സൈസ് സര്‍ക്കിള്‍ ഇന്‍സ്പെക്ടര്‍ സി.പി.വേണുക്കുട്ടന്‍പിള്ള, ഹെഡ്മിസ്ട്രസ് ജി.രമണി, ജി.രഞ്ചു, ഷാന്‍ രമേശ്ഗോപന്‍, കെ.ആര്‍.വിന്‍രാജ്, എം.ആര്‍.രഞ്ജിത്ത് എന്നിവര്‍ പങ്കെടുത്തു.

(പിഎന്‍പി 1549/19)

## ഫോട്ടോ അടിക്കുറിപ്പ്

2) കെയര്‍ഹോം പദ്ധതിയിലൂടെ ലഭിച്ച വീടിന് മുന്നില്‍ രാഘവനും ഭാര്യ ഓമനയും

3) പത്തനംതിട്ട കാത്തോലിക്കേറ്റ് കോളജില്‍ സംഘടിപ്പിച്ച മയക്കുമരുന്ന് വിരുദ്ധ സെമിനാര്‍ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂര്‍ണാദേവി ഉത്ഘാടനം ചെയ്യുന്നു.

4) കോഴഞ്ചേരി ഗവണ്‍മെന്റ് ഹൈസ്കൂളില്‍ നടന്ന ലഹരിവിരുദ്ധ ദിനാചരണം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോര്‍ജ് മാമ്മന്‍ കൊണ്ടൂര്‍ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**